ഹാ. 27/6/22

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം-695 001
Email: sic.ker@nic.in

ഹർജി നമ്പർ **AP 331(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.6141/SIC-Gen4/2022**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ജൂൺ 22

ശ്രീ. മനു മത്തായി,
കുറുവിച്ചിറങ്ങര ഹൗസ്,
വേമം പി.ഒ.,
മാനന്തവാടി, വയനാട്. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   പ്രാഥമിക ആരോഗ്യ കേന്ദ്രം, കുറുക്കൻമൂല,
   പിൻ – 670 646.
2. അപ്പീൽ അധികാരി &
   മെഡിക്കൽ ഓഫീസർ,
   പ്രാഥമിക ആരോഗ്യ കേന്ദ്രം, കുറുക്കൻമൂല,
   പിൻ – 670 646.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 27.1.2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 26.2.2022 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 15.3.2022 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 13.4.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 16.4.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 20.4.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 25.4.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 25.5.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 21.6.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ | ഹാജരായി |
| എസ്.പി.ഐ.ഒ | ഹാജരായി |

## ഉത്തരവ്

ശ്രീ. മനു മത്തായി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ

അപേക്ഷയിൽ ആവശ്യപ്പെട്ട രേഖാപകർപ്പുകൾ നൽകാതെയാണ് മറുപടി നൽകിയതെന്നും തുടർന്ന് രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ അപ്പീലിന് ലഭ്യമാക്കിയ മറുപടിയിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളിൽ രോഗികളുടെ വ്യക്തിപരമായ വിവരങ്ങൾ അടങ്ങിയിട്ടുള്ളതിനാൽ വിവരാവകാശ നിയമം 8(1)(ജെ) പ്രകാരം ടിയാൻ ആവശ്യപ്പെട്ട രജിസ്റ്ററുകളുടെ പകർപ്പുകൾ നൽകാൻ നിർവ്വാഹമില്ലെന്ന മറുപടിയാണ് നൽകിയതെന്നും, ടിയാന് ജില്ലാ കളക്ടർ, മുഖ്യമന്ത്രി, പ്രധാനമന്ത്രി എന്നിവർക്കും ഹൈക്കോടതി മുമ്പാകെയും ഹർജി ബോധിപ്പിക്കുന്നതിന് ടി രേഖകൾ ആവശ്യമാണെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 27.1.2021–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് വയനാട് സ്ക്വയർ എന്ന ഹോട്ടൽ സി.എഫ്.എൽ.ടി.സി. ആയി ഏറ്റെടുത്ത് ഹോട്ടലിലെ മുറികൾ 14.4.2020 മുതൽ 9.11.2020 വരെ ഉപയോഗിച്ചതിന്റെ ഡെയിലി യൂട്ടിലൈസേഷൻ രജിസ്റ്ററുമായി ബന്ധപ്പെട്ട വിവരങ്ങളായിരുന്നു.

3. മേൽപ്പടി അപേക്ഷയ്ക്ക് 26.2.2022–ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടി അപര്യാപ്തവും തൃപ്തികരമല്ലായെന്നും പരാതിപ്പെട്ടുകൊണ്ട് 15.3.2022–ന് നൽകിയ അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ രോഗികളുടെ വ്യക്തിപരമായ വിവരങ്ങൾ ആയതിനാൽ വിവരാവകാശ നിയമം 8(1)(ജെ) പ്രകാരം രജിസ്റ്ററുകളുടെ പകർപ്പുകൾ നൽകാൻ നിർവ്വാഹമില്ലെന്നാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹോട്ടൽ വയനാട് സ്ക്വയർ എന്ന സ്ഥാപനം കോവിഡ്–19ന്റെ സമയത്ത് സി.എഫ്.എൽ.ടി.സി ആയി ഏറ്റെടുത്ത് ഹോട്ടലിലെ മുറികൾ ഉപയോഗിച്ചതിന്റെ വിവരങ്ങൾ അറിയുന്നതിന് 27.1.2022–ന് ഹർജിക്കാരൻ വിവരാവകാശ അപേക്ഷ നൽകിയിരുന്നു എന്നും പ്രസ്തുത സ്ഥാപനം സി.എഫ്.എൽ.ടി.സിക്കായി ഏറ്റെടുത്തത് മാനന്തവാടി മുനിസിപ്പാലിറ്റിയുടെയും വയനാട് ജില്ലാ മെഡിക്കൽ ഓഫീസറുടെയും ജില്ലാ ആശുപത്രിയുടെയും നേതൃത്വത്തിലായിരുന്നു എന്നും ആയതിന് ശേഷം കുറുക്കൻമൂല മെഡിക്കൽ ഓഫീസറെ ഇതിന്റെ ചുമതല ഏൽപ്പിച്ചിരുന്നുവെങ്കിലും രോഗികളുടെ അഡ്മിഷൻ, ജീവനക്കാരെ നിയമിക്കുന്നതടക്കമുള്ള കാര്യങ്ങൾ ജില്ലാ ആശുപത്രിയിൽ നിന്നും, ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നുമാണ് ചെയ്തിരുന്നതെന്നും ആയതിനാൽ ജീവനക്കാരെ നിയമിച്ചതടക്കമുള്ള രേഖകൾ ടി ഓഫീസിൽ ലഭ്യമല്ലെന്നും

കോവിഡ് മഹാമാരി രൂക്ഷമായ സാഹചര്യത്തിലാണ് ഇത്തരത്തിൽ ഹോട്ടലുകൾ . സി.എഫ്.എൽ.ടി.സികളായി ഏറ്റെടുത്തിരുന്നത് എന്നും ടി ഘട്ടത്തിൽ സ്ഥാപനം മുഴുവനായി സി.എഫ്.എൽ.ടി.സികൾ ആക്കുകയാണ് ചെയ്തിരുന്നത് എന്നും വയനാട് സ്ക്വയർ എന്ന സ്ഥാപനത്തിൽ മാനന്തവാടി ജില്ലാ ആശുപത്രിയിൽ നിന്നും കോവിഡ്–19 പോസിറ്റീവ് ആയവരെ ആണ് അഡ്മിറ്റ് ചെയ്തിരുന്നത് എന്നും ആയതിന് ഓരോ മുറികളും ഏതൊക്കെ രോഗികൾ ഉപയോഗിച്ചു എന്നതിന്റെ തെളിവായി ഐ.പി. രജിസ്റ്റർ സ്ഥാപനത്തിൽ ഉണ്ടെന്നും പ്രസ്തുത രജിസ്റ്റർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുറികൾ ഉപയോഗിച്ചതിന്റെ വിവരങ്ങൾ എസ്.പി.ഐ.ഒ നൽകിയിരുന്നു എന്നും തുടർന്ന് രേഖകളുടെ പകർപ്പ് ആവശ്യപ്പെട്ട് ഹർജിക്കാരൻ 15.3.2022–ന് അപ്പീൽ നൽകി എന്നും എന്നാൽ ഐ.പി. രജിസ്റ്ററിൽ രോഗികളുടെ പേരും വിലാസവും ഫോൺ നമ്പറും ഉള്ളതിനാൽ വിവരാവകാശ നിയമം 8(1)(ജെ) വകുപ്പു പ്രകാരം രജിസ്റ്ററുകളടെ പകർപ്പ് നൽകാൻ സാധിക്കില്ലെന്ന് 13.4.2022–ന് അപ്പീൽ ഉത്തരവിലൂടെ ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ ഉടമസ്ഥതയിലുള്ള ഹോട്ടൽ വയനാട് സ്ക്വയർ എന്ന സ്ഥാപനം സി.എഫ്.എൽ.ടി.സിയ്ക്കായി 14.4.2020 മുതൽ 9.11.2020 വരെ ഉപയോഗപ്പെടുത്തിയതുമായി ബന്ധപ്പെട്ട് പ്രതിഫലം ലഭിക്കുവാനുള്ള ഹർജി നൽകുന്നതിനായാണ് ടി സ്ഥാപനവുമായി ബന്ധപ്പെട്ട ഡെയിലി യൂട്ടിലൈസേഷൻ രജിസ്റ്ററിന്റെയും, സ്റ്റാഫിനെ നിയമിച്ച വിവരങ്ങളും, രേഖകളും ആവശ്യപ്പെട്ട് ഹർജിക്കാരൻ വിവരാവകാശ അപേക്ഷ സമർപ്പിച്ചിരുന്നത് എന്ന് കാണുന്നു. എന്നാൽ ടിയാൻ ആവശ്യപ്പെട്ട രേഖകളിൽ രോഗികളുടെയും മറ്റും വ്യക്തിപരമായ വിവരങ്ങൾ അടങ്ങിയതിനാലാണ് വിവരാവകാശ നിയമം 8(1)(ജെ) വകുപ്പു പ്രകാരം ടി രജിസ്റ്ററുകളുടെ പകർപ്പുകൾ എതിർകക്ഷികൾ നിരസിച്ചിട്ടുള്ളതായി കാണുന്നത് എന്നതിനാൽ ഇക്കാര്യത്തിൽ എതിർകക്ഷികൾ നൽകിയ മറുപടികളിൽ അപാകതയുള്ളതായി കാണുന്നില്ല. എന്നാൽ ഹർജിക്കാരൻ ടിയാന്റെ ഉടമസ്ഥതയിലുള്ള ഹോട്ടൽ വയനാട് സ്ക്വയർ എന്ന സ്ഥാപനത്തിൽ രോഗികളെ പ്രവേശിപ്പിച്ചതിലും, ജീവനക്കാരെ നിയമിച്ചതിലുമടക്കമുള്ള രേഖകളിൽ വൈരുദ്ധ്യം ഉണ്ടായിട്ടുള്ളതിനാലാണ് ഹർജിക്കാരന് അർഹമായ പ്രതിഫലം ലഭിക്കാതിരിക്കുന്നതെന്ന ആക്ഷേപം നിലനിൽക്കുന്നതിനാൽ ഹർജിക്കാരന്റെ ടി ആക്ഷേപം ദുരീകരിക്കുന്നതിനായി വയനാട് ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ, മാനന്തവാടി ജില്ലാ ആശുപത്രി സൂപ്രണ്ട്, കുറുക്കൻമൂല പ്രാഥമിക ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ & അപ്പീൽ അധികാരി, വയനാട് ജില്ലാ

കളക്ടറുടെ ഒരു പ്രതിനിധി എന്നിവരടങ്ങുന്ന ഒരു സമിതി ടി വിഷയം അന്വേഷണ വിധേയമാക്കി ഹർജിക്കാരന്റെ ഉടമസ്ഥതയിലുള്ള ഹോട്ടൽ വയനാട് സ്ക്വയർ എന്ന സ്ഥാപനം സി.എഫ്.എൽ.ടി.സിയ്ക്കായി വിട്ടുകൊടുത്തതുമൂലം ഹർജിക്കാരന് അർഹമായ പ്രതിഫലം ലഭ്യമായിട്ടില്ലെന്ന ആക്ഷേപം പരിശോധിക്കേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. കോവിഡ്-19 മഹാമാരി സമയത്ത് സി.എഫ്.എൽ.ടി.സിയ്ക്ക് വേണ്ടി ഏറ്റെടുത്തിട്ടുള്ള ടി സ്ഥാപനത്തിൽ പ്രവേശിപ്പിച്ച രോഗികൾക്കും, ജീവനക്കാർക്കുമായി ടി സ്ഥാപനത്തിലെ മുറികളും മറ്റ് സൗകര്യങ്ങളും ഉപയോഗപ്പെടുത്തിയതിന്റെ രേഖകൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിരുന്നില്ലെന്നതിനാലാണ് ഹർജിക്കാരന് ലഭിക്കേണ്ടിയിരുന്ന പ്രതിഫലത്തിൽ നഷ്ടം ഉണ്ടാകാൻ ഇടയായിട്ടുള്ളത് എന്നതിനാൽ ഹോട്ടൽ വയനാട് സ്ക്വയർ എന്ന സ്ഥാപനം സി.എഫ്.എൽ.ടി.സിയ്ക്കായി ഉപയോഗപ്പെടുത്തിയ രേഖകൾ കൃത്യമായി സൂക്ഷിക്കാതെ അശ്രദ്ധയായി കൈകാര്യം ചെയ്തിട്ടുണ്ടോ എന്നതിനെപ്പറ്റി വയനാട് ജില്ലാ കളക്ടർ ഒരു അന്വേഷണം നടത്തേണ്ടതും കുറ്റക്കാർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു. ആയതിലേയ്ക്കായി ഈ ഉത്തരവിന്റെ പകർപ്പ് ജില്ലാ കളക്ടർ, വയനാട്, ജില്ലാ മെഡിക്കൽ ഓഫീസർ, വയനാട്, മാനന്തവാടി ജില്ലാ ആശുപത്രി സൂപ്രണ്ട് എന്നിവർക്ക് കൂടി കമ്മീഷൻ സെക്രട്ടറി അയച്ചു കൊടുക്കേണ്ടതാണ്.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജിയിലെ നടപടികൾ അവസാനിപ്പിച്ചു കൊണ്ട് ഇന്നേ ദിവസം 2022 ജൂൺ 22-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk